# വിവരാവകാശം/മറുപടി

നം ഇ9/37204/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി -7/11/2017
E mail : **swdkerala@gmail.com**
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.തോമാസ്.എ.എസ്,
അക്കര ഹൗസ്,
റെയിൽവേ സ്റ്റേഷൻ പി ഒ,
വടക്കാഞ്ചേരി വഴി,
തൃശ്ശൂർ – 680623.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്- വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന :- താങ്കളുടെ 02/11/2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സീനിയർ ഗ്രേഡും സെലക്ഷൻ ഗ്രേഡുമായി റേഷ്യോ പ്രൊമോഷൻ നേടി എൽ ഡി ക്ലാർക്ക് / എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ ഉയർന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരെയും എൽ ഡി ക്ലാർക്ക് / എൽ ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ തസ്തികമാറ്റത്തിനായി പരിഗണിയ്ക്കുവാൻ സർക്കാർ സ്പഷ്ടീകരണം നൽകിയിരുന്നു, ആയതിന്റെ അടിസ്ഥാനത്തിലാണ് സീനിയർ ഗ്രേഡ് ഡ്രൈവർ, സെലക്ഷൻ ഗ്രേഡ് ഡ്രൈവർ എന്നീ തസ്തികയിലെ ജീവനക്കാരെ കൂടി ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടറുടെ 2/2/17 ലെ ഇ9/36379/16 നമ്പർ നടപടിക്രമ പ്രകാരം പുതുക്കിയ സീനിയോറിട്ടി ലിസ്റ്റ് പുറപ്പെടുവിച്ചത്. സർക്കാർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

രണ്ട് മുതൽ പതിനൊന്ന് വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി താങ്കൾക്ക് നൽകുവാൻ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

രാജീവ് കുമാർ.എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്